പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **1203** 01/07/2015-ൽ മറുപടിയ്ക്ക്

## ഇരിണാവ് പാലം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി. വി. രാജേഷ് | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പാലത്തിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ വിശദാംശം നൽകുമോ ; | (എ) & (ബി) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതല പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്ത വില സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 4(1) വിജ്ഞാപനം പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷം പ്രസിദ്ധീകരിച്ചതിനാൽ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഇതൊഴിവാക്കാനായി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ഉത്തരവ് നൽകിയതിന് ശേഷം രജിസ്റ്റർ ചെയ്ത് ഭൂമി ഏറ്റെടുക്കാവുന്നതാണ്. |
| (ബി) നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇറിഗേഷൻ വകുപ്പിന്റെ റഗുലേറ്റർ-കം-ബ്രിഡ്ജ് കാലപ്പഴക്കം കാരണം ഏതു സമയത്തും തകരുമെന്നിരിക്കെ സ്ഥലം ലഭ്യമാക്കി പാലം നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.